തിരുവനന്തപുരം ടെക്നോപാർക്കിൽ കഴക്കൂട്ടം മുതൽ മുക്കോലവരെയുള്ള ഭാഗത്ത് സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. മുക്കോല മുതൽ കാരോട് വരെയുള്ള ഭാഗത്തെ സ്ഥലമേറ്റെടുപ്പ് അവസാന ഘട്ടത്തിലാണ്. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ സമ്മർദ്ദം മൂലം ദേശീയപാതകളുടെ സാധാരണ അറ്റകുറ്റപ്പണികൾക്കുള്ള (OR) കേന്ദ്ര വിഹിതം 4.41 കോടിയിൽ നിന്നും 12.50 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) ദേശീയപാതകൾ 45 മീറ്റർ വീതിയിൽ വികസിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി&ഡി) 1956-ലെ എൻ.എച്ച്. ആക്ടിലെ വ്യവസ്ഥകൾ പ്രകാരം CALA (കോംപീറ്റന്റ് അതോറിറ്റി ഫോർ റവന്യൂ അക്വിസിഷൻ) ആണ് നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. ആയതിനാൽ ഇതിനായി പ്രത്യേക പാക്കേജ് സംസ്ഥാന സർക്കാർ തയ്യാറാക്കിയിട്ടില്ല. എന്നിരുന്നാലും 25-10-2014-ലെ സ.ഉ.(കൈ) നമ്പർ 94/2014/പൊമവ പ്രകാരം നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ റീഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് പാക്കേജിലെ (15-11-2011-ലെ സ.ഉ.(കൈ) നമ്പർ 419/11/റവ.) വ്യവസ്ഥകൾ കൂടി പരിഗണിച്ച് പദ്ധതിബാധിതർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരം ഉറപ്പുവരുത്തുന്ന രീതിയിൽ വില നിശ്ചയിക്കണമെന്ന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള നിയമമനുസരിച്ച് ദേശീയപാതകളുടെ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ നഷ്ടപരിഹാരം പൂർണ്ണമായും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്.

റീ-സർവ്വേ ജോലികൾ

11 (*101) ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ റീ-സർവ്വേ ജോലികൾ നടക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ റീ-സർവ്വേയുടെ കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) റീ-സർവ്വേയ്ക്ക് വേണ്ടി നിയോഗിക്കപ്പെട്ടിരുന്ന ജീവനക്കാരുടെ പുനർ വിന്യാസം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഇല്ല.

(ബി) 31-10-2012 -ലെ ജി.ഒ.(എംഎസ്.) 409/12/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം റീ-സർവ്വേ ജോലികൾ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലും നിർവ്വഹിക്കുന്നതിലേയ്ക്ക് നിജപ്പെടുത്തിയിട്ടുണ്ട്.

(സി) പുനർവിന്യാസം സംബന്ധിച്ച് ഉത്തരവ് ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

ചകിരിച്ചോറിൽനിന്ന് വൈദ്യുതി

12 (*102) ശ്രീ. പി. എ. മാധവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തോന്നയ്ക്കൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചകിരിച്ചോറിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലയം സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് കയർ ബോർഡ് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതി വഴി ഉൽപ്പാദിപ്പിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ&ബി) ഇല്ല. എന്നിരുന്നാലും ചകിരിച്ചോറ് അധ്യോഗമേഖലയുമായി ചേർത്ത് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനെ സംബന്ധിച്ച് മുംബൈയിലെ ഒരു സ്ഥാപനവുമായി കയർബോർഡ് ചർച്ചകൾ നടത്തിയതായും ആവശ്യമായ സ്ഥലവും മുതൽമുടക്കും ഉണ്ടെങ്കിൽ ചകിരിച്ചോറും മേൽപ്പടി വസ്തുക്കളും ചേർത്ത് ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്ന് ടി സ്ഥാപനം അഭ്യർത്ഥിച്ചിട്ടുള്ളതായും കയർബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly